പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 3088

15.2.2013- ൽ
മറുപടിക്ക്

## കയർ മേഖല പരിപോഷിപ്പിക്കുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത് | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർ മേഖലയെ പരിപോഷിപ്പിക്കാനും കയർ രംഗത്ത് കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനും എന്തെല്ലാം നടപടികൾ ആണ് കൈക്കൊണ്ടിട്ടുള്ളത് ; | (എ)<br>• കയർ മേഖലയുടെ സമഗ്ര വികസനത്തിനായി കേന്ദ്ര വിഹിതം ഉൾപ്പെടെ 104.70 കോടി രൂപ 2012-13 വർഷത്തെ പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ പദ്ധതിയേതര ഇനത്തിൽ കയർ തൊഴിലാളി പെൻഷനും മറ്റ് അനുകൂല്യങ്ങളും നൽകുന്നതിനു മാത്രമായി 32 കോടിയും വകയിരുത്തി.<br>• നിലവിലുള്ള തൊണ്ട് സംഭരണ കൺസോർഷ്യങ്ങൾക്ക് പുറമെ ചെറുതും വലുതുമായ ഡീഫൈബറിംഗ് മെഷീനുകൾ ഉപയോഗിക്കുന്ന കയർ സഹകരണ സംഘങ്ങൾക്കും നേരിട്ട് തൊണ്ട് സംഭരിക്കുന്നതിന് സഹായകമായ രീതിയിലും ഇൻസെന്റീവുകൾ വർദ്ധിപ്പിച്ചു കൊണ്ട് സംഭരണ പദ്ധതി പരിഷ്കരിച്ചു.<br>• കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഒരു ആധുനിക പിവിസി ടഫ്റ്റഡ് യൂണിറ്റ് ഉൾപ്പെടെയുള്ള സംയോജിത ഫാക്ടറി സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു വരുന്നു.<br>• കയർ സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംഘങ്ങൾക്ക് നൽകിയിരുന്ന പ്രവർത്തന മൂലധന ഗ്രാന്റിന്റെ പരിധി മാറ്റ്സ് & |

| | |
|---|---|
| | മാറ്റിംഗ്സ് സംഘങ്ങൾക്ക് 7.5 ലക്ഷം രൂപയിൽ നിന്നും 10 ലക്ഷം രൂപയായും മറ്റ് സംഘങ്ങൾക്ക് 5.00 ലക്ഷം രൂപയിൽ നിന്നും 7.5 ലക്ഷം രൂപയായും ഈ സർക്കാർ വർദ്ധിപ്പിച്ചു. ഇതുൾപ്പെടെ, 2011-12 ൽ 388 കയർ സഹകരണ സംഘങ്ങൾക്ക് 9,54,73,406/- രൂപ പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തന മൂലധനമായും 4 സംഘങ്ങൾക്ക് സ്ഥിരമൂലധനമായി 4,81,200/- രൂപയും അനുവദിച്ചു നൽകിയിരുന്നു. ഡീഫൈബറിംഗ് സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി 2011-12 ൽ 2 സംഘങ്ങൾക്ക് 18,56,169/- രൂപ അനുവദിച്ചു. 2012-13 ൽ ഇതുവരെ 275 സംഘങ്ങൾക്ക് പ്രവർത്തന മൂലധനമായി 5,12,85,591/- രൂപയും ഒരു ഡീഫൈബറിംഗ് സംഘത്തിന് 11,43,831/- രൂപയും അനുവദിച്ചിട്ടുണ്ട്.<br>• അടിസ്ഥാന സൌകര്യ വികസന പദ്ധതി പ്രകാരവും സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നുണ്ട്. 2011-12 വർഷം 1,27,50,175 രൂപ 54 സംഘങ്ങൾക്കും, 2012-13 വർഷം 1,71,61,500/-രൂപ 49 സംഘങ്ങൾക്കും ഇത്തരത്തിൽ അനുവദിച്ചിട്ടുണ്ട്. തുടർന്നും ഇത് നൽകുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്.<br>• വിപണനം ശക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എം.ഡി.എ നൽകുന്നതിനുള്ള പരിപാടി, കയർ മേഖലയിലെ സംരഭകർക്കുള്ള മാർജിൻ മണി, ക്രയവില സ്ഥിരതാ പദ്ധതി, ഇൻവെസ്റ്റ്മെന്റ് സബ്സിഡി നൽകൽ, ക്ലസ്റ്റർ വികസന പദ്ധതി, കയർ സഹകരണ സംഘങ്ങൾക്കുള്ള സർക്കാർ ഓഹരി |

| | |
|---|---|
| | പങ്കാളിത്തം, വിപണന പ്രചോദന പദ്ധതി (production and Marketing Incentive-PMI) തുടങ്ങിയ പ്രധാനപ്പെട്ട പദ്ധതികളെല്ലാം തുടർന്നു വരുന്നു.<br>• കയർരംഗത്ത് കൂടുതൽ തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിനായി കയർപിരി മേഖലയിലെ തൊഴിലാളികൾക്ക് മിനിമം കൂലി 210 രൂപ ഉറപ്പുവരുത്തി ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം കയർപിരി മേഖലയിൽ തൊഴിലാളികളുടെ കൂലിയിൽ പകുതിയിലേറെ തുക (110 രൂപ 120 വരെ) മുതൽ സർക്കാർ ധനസഹായമായി നൽകി വരുന്നു. ഉൽപ്പന്ന മേഖലയിലെ കൂലിയും 200 രൂപയിൽ നിന്നും 285 രൂപയായി വർദ്ധിപ്പിച്ചു. |
| (ബി) ഈ കാലയളവിൽ കയർ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ മുൻ വർഷത്തേതിൽ നിന്നും എത്ര ടൺ വർദ്ധിച്ചു എന്ന് വെളിപ്പെടുത്താമോ ; | (ബി) വർദ്ധനവ് ഉണ്ടായിട്ടുണ്ട്. മുൻ വർഷങ്ങളിൽ നിന്നും ഏകദേശം 5000 ത്തോളം ടൺ വർദ്ധിച്ചു എന്നാണ് പ്രാഥമിക കണക്കുകളിൽ നിന്നും മനസ്സിലാകുന്നത്. |
| (സി)തൊഴിലാളിയുടെ തൊഴിൽ ദിനങ്ങളിൽ വർദ്ധനവുണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ വർദ്ധന എത്രയെന്ന് വെളിപ്പെടുത്തുമോ ? | (സി) ഉണ്ട്. ഏകദേശം രണ്ടായിരത്തിലേറെ തൊഴിൽ ദിനങ്ങൾ വർദ്ധിച്ചതായാണ് പ്രാഥമികമായി മനസ്സിലാകുന്നത്. |

സെക്ഷൻ ഓഫീസർ